## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 217** **10-03-2025 - ൽ മറുപടിയ്ക്ക്**

## പട്ടിക വർഗ വികസനത്തിനായുള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ വന്നശേഷം പട്ടികവർഗ യുവാക്കളുടെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ വകുപ്പ് നടത്തിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | പട്ടികവർഗ്ഗയുവാക്കളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് നിരവധി പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടത്തി വരുന്നു. വിദ്യാഭ്യാസപരമായി ഏറെ മുന്നോട്ട് വന്ന പട്ടികവർഗ്ഗക്കാരുടെ എണ്ണം വർദ്ധിക്കുന്നതിന് ആനുപാതികമായി തൊഴിൽ അവസരങ്ങൾ ലഭ്യമാക്കാൻ സാധിച്ചിരുന്നില്ല. അഭ്യസ്തവിദ്യരായ എല്ലാവർക്കും സർക്കാർ മേഖലകളിൽ ജോലി ലഭിക്കാത്ത സാഹചര്യത്തിൽ തൊഴിൽ നൈപുണ്യ പരിശീലനം നൽകി<br><br>സ്വകാര്യ മേഖലകളിൽ തൊഴിൽ ലഭ്യമാക്കുന്നതിന് തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങൾ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിലൂടെ അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗയുവതീയുവാക്കൾക്ക് അവരുടെ താൽപര്യത്തിനനുസരിച്ച് ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാദ്ധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ അംഗീകൃത പരിശീലന സ്ഥാപനങ്ങൾ വഴി നൽകുകയും പരിശീലനം വിജയകരമായി<br><br>പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ദാതാക്കളുമായി ചേർന്ന് വിവിധ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിന് പ്രാപ്തരാക്കുകയോ ചെയ്യുന്നു. കൂടാതെ TRACE (Training for Career Excellence) പദ്ധതിയുടെ ഭാഗമായി സർക്കാർ മേഖലയിൽ നിരവധി പട്ടികവർഗ്ഗ യുവതീ യുവാക്കൾ മികച്ച ഹോണറേറിയം നിരക്കിൽ സേവനമനുഷ്ഠിച്ച് വരുന്നു. ഇതിലൂടെയെല്ലാം പട്ടികവർഗ്ഗ യുവതീ |

| | | | |
|---|---|---|---|
| | | | യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ ഒരു പരിധി വരെ പരിഹരിക്കാൻ സാധിക്കുന്നുണ്ട്. |
| (ബി) | പട്ടികവർഗ വിഭാഗങ്ങൾക്കിടയിൽ നിയമവൈദഗ്ധ്യം പരിപോഷിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | പട്ടികവർഗ്ഗക്കാർക്കിടയിലെ നിയമ വൈദഗ്ദ്യം പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിലെ മറ്റുള്ള കോഴ്സുകളിൽ അനുവദിക്കുന്നതു പോലെ നിയമബിരുദ മേഖലയിൽ പഠനം നടത്തുന്ന നിയമ ബിരുദ വിദ്യാർത്ഥികൾക്കും ഇ-ഗ്രാന്റ്സ് അനുവദിച്ചു വരുന്നു. എക്സാം ഫീ, സ്പെഷ്യൽ ഫീ, ട്യൂഷൻ ഫീ, തുടങ്ങിയവയുമുള്ള തുക വിദ്യാർത്ഥി പരിശീലനം നടത്തുന്ന സ്ഥാപനങ്ങൾക്ക് വകുപ്പിൽ നിന്നും നേരിട്ട് അനുവദിച്ച് നൽകുന്നു. ശരാശരി 75 ഓളം LLB/LLM വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന പ്രതിവർഷം ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നു.<br><br>കൂടാതെ അഭിഭാഷക ധനസഹായ പദ്ധതി പ്രകാരം LLB കോഴ്സിന് എൻറോൾ ചെയ്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 16/02/2019 ലെ സർക്കാർ ഉത്തരവ് നം. 183/2019/പജപവവിവ പ്രകാരം ധനസഹായം അനുവദിച്ച് നൽകി വരുന്നു. ഇത് പ്രകാരം LLB കോഴ്സിന് എൻറോൾ ചെയ്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എൻറോൾമെന്റ് ഫീ ഇനത്തിൽ 9600/- രൂപയും പുസ്തകം വാങ്ങുന്നതിന് 12000/- രൂപയും വസ്ത്രം വാങ്ങുന്നതിന് 4000/- രൂപയും കോഴ്സ് കാലാവധിയായ 3 വർഷങ്ങളിലും അനുവദിച്ച് നൽകുന്നു. കൂടാതെ രണ്ടും മൂന്നും വർഷം മുറിവാടക ഇനത്തിൽ 6000/- രൂപയും (500x12) അനുവദിച്ച് നൽകി വരുന്നു.<br><br>പട്ടികവർഗ്ഗ വിഭാഗത്തിലെ നിയമ ബിരുദധാരികളായ 25 യുവതീ യുവാക്കൾക്ക് പ്രതിമാസം 18,000/- രൂപ ഹോണറേറിയം നിരക്കിൽ മുതിർന്ന അഭിഭാഷകർക്കൊപ്പം ഇന്റേൺഷിപ്പ് വ്യവസ്ഥയിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി നടത്തിവരുന്നുണ്ട്. |
| (സി) | പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനും അവരുടെ സാമ്പത്തിക ശാക്തീകരണത്തിനും സാമൂഹിക ഉൾച്ചേർക്കലിനും എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി) | **<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br><br>പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനും അവരുടെ സാമ്പത്തിക ശാക്തീകരണത്തിനും സാമൂഹിക ഉൾച്ചേർക്കലിനുമായി നിരവധി പദ്ധതികൾ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. പ്രധാനമായും അഭ്യസ്ത വിദ്യരായ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് വിവിധ തൊഴിലധിഷ്ഠിത ഹ്രസ്വകാല നൈപുണ്യ വികസന കോഴ്സുകളിൽ പരിശീലനം, ട്രേസ് പദ്ധതിയുടെ ഭാഗമായി വിവിധ സർക്കാർ |

മേഖലകളിൽ തൊഴിൽ പരിശീലനം, ട്രൈബൽ പ്ലസ് പദ്ധതി പോലുള്ള തൊഴിലുറപ്പ് പദ്ധതികൾ മുതലായവ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. അഭ്യസ്ത വിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് തൊഴിൽ സാദ്ധ്യതയുള്ളതും നവീനവുമായ തൊഴിൽ മേഖലകളിൽ അംഗീകൃത പരിശീലന സ്ഥാപനങ്ങൾ വഴി പരിശീലനം നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ദാതാക്കളുമായി ചേർന്ന് ജോലി ഉറപ്പു വരുത്തുന്നതിനോ പ്രസ്തുത മേഖലയിൽ സ്വയം വരുമാനമാർഗ്ഗം കണ്ടെത്തുന്നതിനോ പ്രാപ്തരാക്കുന്നതു വഴി പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഉപജീവനമാർഗ്ഗം ഉറപ്പിക്കുന്നതിന് സാധിക്കുന്നുണ്ട്. കൂടാതെ ട്രേസ് പദ്ധതിയുടെ ഭാഗമായി പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, അക്രഡിറ്റഡ് എഞ്ചിനീയർമാർ, മെന്റർ ടീച്ചർമാർ, ഫെസിലിറ്റേറ്റർമാർ, ട്രൈബൽ പരാമെഡിക്സ് തുടങ്ങി പല സർക്കാർ മേഖലകളിലും പ്രതിമാസ ഹോണറേറിയത്തോടെ ധാരാളം പട്ടികവർഗ്ഗ യുവതീയുവാക്കൾ സേവനമനുഷ്ഠിച്ചു വരുന്നു. താരതമ്യേന വിദ്യാഭ്യാസ യോഗ്യത കുറഞ്ഞ പട്ടികവർഗ്ഗക്കാർക്ക് നിലവിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് പുറമെ അധിക 100 ദിവസത്തെ തൊഴിൽ നൽകുന്ന പദ്ധതിയായ കേരള ട്രൈബൽ പ്ലസ് പദ്ധതിയിലൂടെയും സംസ്ഥാനത്തൊട്ടാകെയുള്ള സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒട്ടനവധി പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഉപജീവനം ഉറപ്പിക്കുന്നതിന് സാധിക്കുന്നു.

**<u>പട്ടികജാതി വികസന വകുപ്പ്</u>**

പട്ടികജാതി വിഭാഗങ്ങളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനും അവരുടെ സാമ്പത്തിക ശാക്തീകരണത്തിനും സാമൂഹിക ഉൾച്ചേർക്കലിനും വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**<u>ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്</u>**

പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരെ തൊഴിൽ നൈപുണ്യ വിഭാഗത്തിൽപ്പെട്ട പരിശീലനത്തിനും വികസനത്തിനുമായി ഹോണറേറിയത്തോടുകൂടി വിവിധ വകുപ്പുകൾക്ക് കീഴിൽ 2 വർഷ കാലയളവിലേക്ക് നിയമിക്കുന്നതിനായി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ട്രേസ് (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്). വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ

യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെയും മറ്റ വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാവുക വഴി തങ്ങളുടെ സേവന മേഖലയിൽ കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാകുന്നു. എൻജിനീയറിങ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയ വർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഹോണറേറിയത്തോട് കൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു.

**<u>സ്വയം തൊഴിൽ പദ്ധതി</u>**

സ്വയംതൊഴിൽ സംരംഭങ്ങൾ ആരം ഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പ് മുഖേന ഒരു ലക്ഷം രൂപ വരെയും (1/3സബ്സിഡി) ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും (പ്രോജക്ട് കോസ്റ്റിന്റെ 75%) സ്വയം തൊഴിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ പട്ടികജാതിയിലെ ദുർബ്ബല വിഭാഗക്കാരായ വേടൻ, നായാടി, കള്ളാടി, ചക്ലിയൻ/അരുന്ധതിയാർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ട ഗുണഭോക്താകൾക്ക് വ്യക്തിഗത സംരംഭം ആരംഭിക്കുന്നതിനായി പരമാവധി 3 ലക്ഷം രൂപ വരെയും (100% സബ്സിഡി) ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്, ലഭ്യമായ ബാങ്ക് വായ്പയുടെ 100% സബ്സിഡി (പരമാവധി 5 ലക്ഷം രൂപ) അനുവദിക്കുന്നു.

**<u>വിദേശ തൊഴിൽ ധനസഹായം</u>**

പട്ടികജാതി യുവതീ യുവാക്കൾക്ക് വിദേശത്ത് തൊഴിൽ തേടി പോകുന്നതിനുള്ള യാത്രാ സംബന്ധമായ ചെലവുകൾക്കായി ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന വിദേശ തൊഴിൽ ധനസഹായ പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു.

**<u>നൈപുണ്യ വികസന പരിശീലനം</u>**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉള്ളതും അല്ലാത്തവരുമായ തൊഴിൽരഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് വകുപ്പ് നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ട്. വിവര സാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് ഉതകുന്ന പരിശീലനങ്ങൾ നിലവിൽ

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം നൈപുണ്യ വികസന പരിശീലന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെൻ്റും ഉറപ്പാക്കുന്നുണ്ട്. കൂടാതെ ഇത്തരം നൈപുണ്യ വികസന പരിശീലനങ്ങളിലൂടെ പരിശീലനം നേടുന്നവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, വിദേശത്ത് തൊഴിൽ കണ്ടെത്തുന്നതിനും ഇത് സഹായകരമാകുന്നു.<br><br>**<u>സ്റ്റാർട്ട് ആപ്പ് ഡ്രീംസ്</u>**<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെൻ്റർഷിപ്പ് സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഡ്രീംസ്. കേരള സ്റ്റാർട്ടപ്പ് മിഷനാണ് ഇതിൻ്റെ നടത്തിപ്പ് ചുമതല. ഈ പദ്ധതിയുടെ ഭാഗമായി പട്ടികജാതി വികസന വകുപ്പിൻ്റെ തിരുവനന്തപുരം മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിൽ ഇൻകുബേഷൻ സെൻ്റർ പ്രവർത്തിച്ചു വരുന്നു. നൂതന ആശയമോ ഉല്പന്നമോ ഉള്ളവരെയാണ് മേൽ പറഞ്ഞ പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. കേരള സ്റ്റാർട്ട് അപ്പ് മിഷൻ്റെ എല്ലാ പദ്ധതികളുടെയും ആനുകൂല്യം സ്റ്റാർട്ട് ആപ്പ് ഡ്രീംസിലുള്ളവർക്കും ലഭിക്കും. |

സെക്ഷൻ ഓഫീസർ